# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5153      22.05.2017 -ലെ മറുപടി

### ആമയിഴഞ്ചാൻ തോട് നവീകരണത്തിനായി നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിലെ തമ്പാനൂർ ആമയിഴഞ്ചാൻ തോടിന്റെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) തിരുവനന്തപുരം ജില്ലയിൽ ആമയിഴഞ്ചാൻ തോടിന്റെ ഒബ്സർവേറ്ററി മുതൽ കണ്ണമ്മൂലവരെയുള്ള ഭാഗങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നത് കെ.എസ്.യു.ഡി.പി.(കേരള സസ്റ്റെയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്റ്റ്) മുഖേനയാണ്. 18/05/2017-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ആമയിഴഞ്ചാൻ തോടുൾപ്പെടെയുള്ള തിരുവനന്തപുരം നഗരത്തിലെ തോടുകളുടെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിലേയ്ക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) ടോക്കൺ പ്രൊവിഷൻ ആയ 100 രൂപ 2016-17 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ആമയിഴഞ്ചാൻ തോടിന്റെ കണ്ണമ്മൂല ഭാഗം മുതൽ ആക്കുളം വരെയുള്ള ഭാഗം നവീകരിക്കുന്നതിനും വൃത്തിയാക്കുന്നതിനുമുള്ള പ്രവൃത്തിക്ക് പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ